# കേരള സർവകലാശാല

നം. പി.ആർ.243/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബി.ടെക് ഫലം

കേരള സർവകലാശാലയുടെ അഞ്ചാം സെമസ്റ്റർ ബി.ടെക് ഡിഗ്രി എക്സാമിനേഷൻ റഗുലർ 2013 സ്കീം ഡിസംബർ 2016 ന്റെ പരീക്ഷാഫലം നവംബർ എട്ടിന് പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ഓൺലൈനായി മാത്രം അപേക്ഷിക്കുക. അപേക്ഷിക്കേണ്ട അവസാന തീയതി നവംബർ28 .കരട് മാർക്ക് ലിസ്റ്റ് വെബ്സൈറ്റിൽ(www.keralauniversity.ac.in) ലഭിക്കും.

## പി.ജി ടൈംടേബിൾ

കേരള സർവകലാശാല നവംബറിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ പി.ജി ഡിപ്ലോമ ഇൻ ജിയോ-ഇൻഫർമേഷൻ സയൻസ് ആന്റ് ടെക്നോളജി പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ വൈവാവോസി

കേരള സർവകലാശാല ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എം.എ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ പരീക്ഷയുടെ വൈവാവോസി നവംബർ 14 മുതൽ വിവിധ കേന്ദ്രങ്ങളിൽ വച്ച് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എ വൈവ വോസി

കേരള സർവകലാശാല ബി.എ (ആന്വൽ) ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ മെയിൻ, സെപ്റ്റംബർ/ഒക്ടോബർ സപ്ലിമെന്ററി പരീക്ഷയോടനുബന്ധിച്ച് നടത്തുന്ന വൈവ വോസി പരീക്ഷ നവംബർ 14, 15 തീയതികളിൽ 10 മണിമുതൽ 5 മണിവരെ സർവകലാശാലയുടെ പാളയം ക്യാമ്പസിലുള്ള വിദൂരവിദ്യാഭ്യാസ കേന്ദ്രത്തിൽ നടത്തുന്നതാണ്. ഒരു തവണ വൈവ വോസി പരീക്ഷയിൽ പങ്കെടുത്ത വിദ്യാർത്ഥികൾ വീണ്ടും പങ്കെടുക്കേണ്ടതില്ല.

## എം.എഫ്.എ ടൈംടേബിൾ

കേരള സർവകലാശാല നവംബർ 13 ന് ആരംഭിക്കുന്ന രണ്ടാം സെമസ്റ്റർ എം.എഫ്.എ പെയിന്റിംഗ്/സ്കൾപ്ച്ചർ പരീക്ഷയുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## സൗത്ത്സോൺ ഇന്റർയൂണിവേഴ്സിറ്റി ടീം സെലക്ഷൻ

കേരള സർവകലാശാലയുടെ 33-ാമത് സൗത്ത് സോൺ ഇന്റർയൂണിവേഴ്സിറ്റി യൂത്ത് ഫെസ്റ്റിവെലിൽ പങ്കെടുക്കുന്നതിനുള്ള ടീം രൂപീകരണത്തിനായി സ്ക്രീനിംഗ് നടത്തുന്നു ഡി.എസ്.എസ്-ന്റെ തിരുവനന്തപുരം പി.എം.ജിയിലുള്ള സ്റ്റുഡൻസ് സെന്ററിൽ വച്ച് നവംബർ 14-ന് രാവിലെ ഒൻപത് മണിക്ക് നടക്കുന്ന സ്ക്രീനിംഗിൽ പങ്കെടുക്കുന്നതിന് 2017-ൽ തിരുവനന്തപുരത്ത് വച്ച് നടന്ന കേരള സർവകലാശാല യുവജനോത്സവത്തിൽ താഴെ പറയുന്ന

മത്സരയിനങ്ങളിൽ (ഒന്നും രണ്ടും സമ്മാനം നേടിയവർ) വിജയിച്ച വിദ്യാർത്ഥികളെ അറിയിക്കുന്നു. പങ്കെടുക്കുന്ന വിദ്യാർത്ഥികൾ കോളേജ് ഐ.ഡി കാർഡുമായി ഹാജരാകേണ്ടതാണ്.(ഇനങ്ങൾ:- ലളിതഗാനം, ശാസ്ത്രീയ സംഗീതം, ഹിന്ദുസ്ഥാനി ക്ലാസിക്കൽ വോക്കൽ, ഗസൽ തന്ത്രിവാദ്യം പൗരസ്ത്യം, തന്ത്രിവാദ്യം പാശ്ചാത്യം, ഗിറ്റാർ, സുഷിരവാദ്യം പൗരസ്ത്യം, സുഷിരവാദ്യം പാശ്ചാത്യം, താളവാദ്യം തബല, താളവാദ്യം പൗരസ്ത്യം, താളവാദ്യം പാശ്ചാത്യം, താളവാദ്യം ചെണ്ട, വെസ്റ്റേൺ വോക്കൽ സോളോ & ഗ്രൂപ്പ്, ഗ്രൂപ്പ് സോങ്, വൃന്ദവാദ്യം, ഭരതനാട്യം, കുച്ചിപ്പുടി, നാടോടി നൃത്തം, കഥകളി, മോഹിനിയാട്ടം, ഗ്രൂപ്പ് ഡാൻസ്, കേരളനടനം സോളോ & ഗ്രൂപ്പ്, ഡിബേറ്റ് (ഇംഗ്ലീഷ് & ഹിന്ദി), പ്രസംഗം (ഇംഗ്ലീഷ് & ഹിന്ദി), ക്വിസ്, മോണോ അക്ട്, മിമിക്രി, മൈം, സ്കിറ്റ്, പെയിന്റിംഗ്, ക്ലേ മോഡലിംഗ്, രംഗോലി, കൊളാഷ്, സ്പോട്ട് ഫോട്ടോഗ്രാഫി, പോസ്റ്റർ മേക്കിങ്, കാർട്ടൂണിംഗ്, നാടകം (ബിഷപ്പ് മൂർ കോളേജ് മാവേലിക്കര))

*( എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്*

തിരുവനന്തപുരം.
08.11.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**